പലകപ്പാണ്ടി കനാൽ വൃത്തിയാക്കണം

പാലക്കാട്: ചുള്ളിയാർ ഡാമിലേക്ക് വെള്ളമെത്തിക്കാനുള്ള ഏക സംവിധനമായ പലകപ്പാണ്ടി കനാൽ വൃത്തിയാക്കണമെന്ന് നെന്മാറ നിയോജക മണ്ഡലം കിസാൻ കോൺഗ്രസ് ആവശ്യപ്പെട്ടു.

കാലവർഷം തുടങ്ങുവാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോൾ കനാൽ വൃത്തിയാക്കാതിരുന്നാൽ മഴമൂലം ലഭിക്കുന്ന വെള്ളം ചുക്കിരിയാൽ വഴിയും മറ്റ് പല ഭാഗങ്ങൾ വഴിയും ഡാമിൽ എത്താതെ വരും. കൃഷിക്കാർക്കും കുടിവെള്ളത്തിനും ജലക്ഷാമം നേരിടാനുള്ള സാധ്യത വളരെ കൂടുതലാണ്. അതിനാൽ അധികൃതർ ഈ വിഷയം കണ്ടില്ലെന്ന് നടിക്കാതെ എത്രയും വേഗം കനാൽ വൃത്തിയാക്കി മണ്ണ് നീക്കം ചെയ്യണം. നെന്മാറ നിയോജക മണ്ഡലം കിസാൻ കോൺഗ്രസ് പ്രസിഡന്റ് കെ ശിവദാസൻ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് ബി ഇക്ബാൽ ഉദ്ഘാടനം ചെയ്തു. യു ശാന്തകുമാർ, വി രാജപ്പൻ, പി ലക്ഷ്ണൻ, എം അനിൽബാബു, എൻ കെ കൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

ഹരിനാരായണനെ ആദരിക്കും

പാലക്കാട്: ഗാനരചനക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം നേടിയ ഹരിനാരായണനെ ശനിയാഴ്ച വൈകുന്നേരം അഞ്ചിന് രാപ്പാടി ഓഡിറ്റോറിയത്തിൽ ആദരിക്കും. സംഗീത സംവിധായകൻ രഞ്ജിൻരാജ്, പാടവരമ്പത്ത് എന്ന ഗാനത്തിന്റെ രചയിതാവ് ഭാഗ്യൻരാജ് എന്നിവരെ ആദരിക്കും. തുടർന്ന് ഹരിനാരായണന്റെ ഗാനങ്ങൾ ഉൾക്കൊള്ളിച്ച ഗാനമേളയും ഉണ്ടായിരിക്കും.

മരങ്ങൾ ലേലം ചെയ്യുന്നു

പാലക്കാട്: പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ റോഡ് സെക്ഷൻ നമ്പർ രണ്ടിന്റെ പരിധിയിലുള്ള മരങ്ങൾ 28, 29 തിയതികളിൽ ലേലം ചെയ്യുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം ആയ 100 രൂപ കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

ക്ലാസ് നടത്തി

പാലക്കാട്: ലോക രക്താദിമർദ്ദ ദിനത്തോടനുബന്ധിച്ച് പാലക്കാട് ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ പൊലീസുദ്യോഗസ്ഥർക്കായി ബോധവത്ക്കരണക്ലാസ്സും ബ്ലഡ് പ്രഷർ പരിശോധനയും നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ക്ലാസ് സംഘടിപ്പിച്ചത്.

ഇന്നത്തെ പരിപാടി

പാലക്കാട്: ഗവൺമെന്റ് വിക്ടോറിയ കോളജിന് സമീപത്തെ ഇൻഡോർ സ്റ്റേഡിയം: ജില്ലാ ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പുസ്തകോത്സവം– രാവിലെ പത്ത് മുതൽ

പാലക്കാട് കോഴിപ്പാറ അഹല്യ ഹെറിറ്റേജ് സെന്റർ : ഐ 2 ഇ ഹാർമണി പ്രൈവറ്റ് ലിമിറ്റഡ് സംഘടിപ്പിക്കുന്ന റസിഡൻഷ്യൽ ക്യാമ്പ്– രാവിലെ 10 മുതൽ

ഭാവകം നാടക ക്യാമ്പ് ശ്രദ്ധേയമായി

കൊയിലാണ്ടി ലോകധർമ്മി തിയേറ്റേഴ്സ് അവതരിപ്പിച്ച ചിരിയും ചിന്തയും നാടകത്തിൽ നിന്ന്

ശ്രീകൃഷ്ണപുരം: ശ്രീപരിയാനമ്പറ്റ ഭജന സമിതിയുടെ സർഗ്ഗ മണ്ഡപത്തിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടന്ന ഭാവകം നാടക പഠന ക്യാമ്പ് ശ്രദ്ധേയമായി. രണ്ടു ദിവസങ്ങളിലായി നടന്ന ക്യാമ്പിന് അനിൽ രാധാകൃഷ്ണൻ, വി പിൻ പരിയാനമ്പറ്റ എന്നിവർ നേതൃത്വം നൽകി. പ്രശസ്ത നാടക പ്രവർത്തകരായ വിനോദ് പാലങ്ങാട് അരങ്ങൊരുക്കാം കളിച്ചും ചിരിച്ചും എന്ന വിഷയത്തിൽ ക്ലാസെടുത്തു. അഭിനയ രസങ്ങളിലൂടെ എന്ന വിഷയത്തിൽ വിനോദ് കുറുവങ്ങാട് ക്ലാസെടുത്തു. യോഗയും അഭിനയവും എന്ന വിഷയത്തിൽ വിപിൻ പരിയാനമ്പറ്റയും ലീഡർഷിപ്പ് ക്ലാസ് മഹേഷും അവതരിപ്പിച്ചു. കൊയിലാണ്ടി ലോകധർമ്മി തിയേറ്റേഴ്സ് അവതരിപ്പിച്ച ചിരിയും ചിന്തയും എന്ന നാടകവും അരങ്ങേറി.

'കളിയറ' തുടങ്ങി

'കളിയറ' നാടക ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ

കൂറ്റനാട്: അഞ്ച് മുതൽ എട്ടുവരേയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള 'കളിയറ' ക്യാമ്പ് ആരംഭിച്ചു. നാളെ ക്യാമ്പ് സമാപിക്കും. അരുൺ ലാലും രഘു മാഷും ആണ് ക്യാമ്പിന് നേതൃത്വം നൽകുന്നത്.

നാളെ ക്യാമ്പിലെ കുട്ടുകാർ അവതരിപ്പിക്കുന്ന നാടകവും തുടർന്ന് സംസ്ഥാന സ്കൂൾ കലോൽസവത്തിൽ മികച്ച നടനുള്ള പുരസ്കാരത്തോടെ ഒന്നാം സ്ഥാനം നേടിയ വട്ടേനാട് സ്കൂളിന്റെ മീൻ കൊട്ടയിലെ സുമ്പർക്കം എന്ന നാടകവും ഉണ്ടാകും.

അരങ്ങ് 2019ൽ അണിനിരക്കുക ഇരുപതിനായിരത്തോളം പ്രതിഭകൾ

കുടുംബശ്രീ കലാ–കായിക മാമാങ്കത്തിന് പാലക്കാട് വേദിയാകും

പാലക്കാട്: കുടുംബശ്രീയുടെ സംസ്ഥാനതല കലാ–കായികോത്സവത്തിന് ഇത്തവണ പാലക്കാട് വേദിയാകും. 2019 സെപ്തംബർ ആദ്യവാരത്തിൽ പാലക്കാടിന്റെ കലാസാംസ്കാരിക പൈതൃകത്തിൽ പൊൻതൂവൽ ചാർത്തി അരങ്ങ് 2019 സംഘടിപ്പിക്കും. 20.000ത്തോളം പ്രതിഭകൾ മാറ്റുരയ്ക്കും. 730 വാർഡുകൾ, 1800ഓളം കലാവേദികൾ ഉണ്ടായിരിക്കും.

സാമൂഹ്യ–സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിക്കാൻ വ്യത്യസ്തങ്ങളായ വഴികൾ തേടുകയാണ് കുടുംബശ്രീ. സ്ത്രീകളുടെ സർവ്വതല സ്പർശിയായ വികസനം ഉറപ്പു വരുത്താൻ ധൈഷണികവും കലാപരവും കായികവുമായ വികാസം അനിവാര്യമാണെന്ന ബോധ്യത്തിലാണ് കുടുംബശ്രീ അരങ്ങ് എന്ന പേരിൽ ഈ വർഷവും കലാ–കായികമേള സംഘടിപ്പിക്കുന്നത്. കുടുംബശ്രീ പ്രവർത്തനങ്ങളുടെ വാർഷിക വിലയിരുത്തലുകളും കുടുംബശ്രീ അംഗങ്ങളുടെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കുന്നതിനായുള്ള കലോത്സവവും കുടുംബശ്രീയുടെ വാർഷികാഘോഷങ്ങളുടെ ഭാഗമായി നടക്കും. മുൻ വർഷങ്ങളിൽ വലിയ ജന പങ്കാളിത്തത്തോടെയാണ് കലാ– കായിക മേളകൾ സംഘടിപ്പിച്ചത്.

സെപ്തംബർ മാസം ആദ്യവാരത്തോടു കൂടി സംസ്ഥാനതല മത്സരങ്ങൾ പൂർത്തിയാക്കാനാണ് കുടുംബശ്രീ തീരുമാനിച്ചിരിക്കുന്നത്. മെയ് മാസത്തിൽ അയൽക്കൂട്ടം, സി ഡി എസ്, താലൂക്ക് എന്നീ തലങ്ങളിൽ കലാ–കായിക മത്സരങ്ങൾ സംഘടിപ്പിക്കും. ഓഗസ്റ്റ് അവസാന വാരത്തോടു കൂടി ജില്ലാതല മത്സരങ്ങളും പൂർത്തിയാക്കും. ജൂനിയർ, സീനിയർ വിഭാഗം മത്സരങ്ങൾ നടത്തും. 18 വയസ്സ് മുതൽ 35 വയസ്സ് വരെയുള്ളവർ ജൂനിയർ വിഭാഗത്തിലും, 35 മുകളിലുള്ളവർ സീനിയർ വിഭാഗത്തിലുമാണ് മത്സരിക്കുക. വ്യക്തിഗത മത്സരങ്ങളിൽ അയൽക്കൂട്ടത്തെ പ്രതിനിധീകരിച്ചും സംഘ ഇനങ്ങളിൽ ഒന്നോ അതിലധികം അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ ചേർന്നോ മത്സരിക്കാവുന്നതാണ്.

സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന ജില്ലയ്ക്ക് ഓവറോൾ ചാമ്പ്യൻ ട്രോഫി ലഭിക്കും. ഒരു മത്സരാർത്ഥിയ്ക്ക് മൂന്ന് വ്യക്തിഗത ഇനത്തിലും രണ്ട് ഗ്രൂപ്പിനങ്ങളിലും മാത്രമേ മത്സരിക്കാൻ പാടുള്ളൂ. കലാ–കായിക മത്സരങ്ങളിൽ ട്രാൻസ്ജെന്റേഴ്സ് അയൽക്കൂട്ടം അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തും. പൂർണ്ണമായും ഹരിത പെരുമാറ്റ ചട്ടമനുസരിച്ചായിരിക്കും അരങ്ങ് 2019 സംഘടിപ്പിക്കുക. 20 സ്റ്റേജിനങ്ങളും ആറ് സ്റ്റേജിതര മത്സരങ്ങളും കലാമേളയുടെ ഭാഗമാകും.

സി ഡി എസ് തലത്തിലും ജില്ലാ തലത്തിലും ഓട്ടമത്സരം, ലോംഗ്ജംമ്പ്, നടത്തം, ഷോട്ട്പുട്ട്, വോളിബോൾ, ഫുട്ബോൾ, വടംവലി തുടങ്ങിയവ മത്സരങ്ങളും അരങ്ങ് 2019ന്റെ ഭാഗമായി സംഘടിപ്പിക്കും. സ്ത്രീകളുടെ വ്യക്തിത്വ വികാസത്തിനും സാമൂഹ്യ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും കുടുംബശ്രീയുടെ ഈ അരങ്ങുണർത്ത് ഏറെ സഹായിക്കും. എല്ലാ തലത്തിലും സംഘാടക സമിതികൾ രൂപീകരിച്ച് ജനകീയമായാണ് അരങ്ങ് 2019 സംഘടിപ്പിക്കുക. പാലക്കാടിന്റെ കലാ–കായിക–സാംസ്കാരിക പൈതൃകത്തിന്റെ കരുത്തുമായാണ് കുടുംബശ്രീ പാലക്കാട് ജില്ലാ മിഷൻ അരങ്ങ് 2019ന്റെ സംസ്ഥാനതല മത്സരങ്ങൾക്ക് വേദിയാകുന്നത്.

ചിത്രരച്ന മത്സരങ്ങൾ ഇന്ന്

നെന്മാറ: അവൈറ്റിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്സിന്റെ ഔദ്യോഗിക ഉദ്ഘാടനാഘോഷത്തോടനുബന്ധിച്ച് 12 വയസ്സിനും 21 വയസ്സിനുമിടയിലുള്ളവർക്കായി ചിത്രരചനാ മത്സരം നടത്തുന്നു. 'എന്റെ പാലക്കാട് 2025' എന്നതാണ് വിഷയം. വാട്ടർ കളർ, പെൻസിൽ എന്നിവ ഉപയോഗിക്കാം. നെന്മാറ അവൈറ്റിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലും വടക്കഞ്ചേരി അവൈറ്റിസ് ക്ലിനിക്കിലും മെയ് 21 രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12 വരെയായിരിക്കും മത്സരങ്ങൾ നടത്തുക. തിരഞ്ഞെടുക്കപ്പെടുന്ന 10 പേർക്ക് ഉദ്ഘാടന ദിവസം രാഷ്ട്രീയ സാംസ്കാരിക ചലച്ചിത്ര രംഗത്തെ പ്രഗത്ഭരുടെ സാന്നിധ്യത്തിൽ സമ്മാനദാനം ഉണ്ടായിരിക്കുന്നതാണ്.

പ്രതിഷ്ഠാദിനവും പൂജാ മഹോത്സവവും

എലപ്പുള്ളി: ജംഗംതറ ശ്രീ മാരിയമ്മൻ ക്ഷേത്രത്തിലെ മൂന്നാം പ്രതിഷ്ഠാദിനവും പൂജാ മഹോത്സവവും ആരംഭിച്ചു. ഈമാസം 23ന് സമാപിക്കും.

23ന് രാവിലെ അഞ്ചിന് പാറ ചൊരകുളത്തിൽ നിന്നും ശക്തികുംഭം എഴുന്നള്ളിപ്പ്, ആറിന് പൂക്കുഴി ഇറങ്ങൽ, 6.30ന് ശ്രീ കുറുംബ ഭഗവതി കാവിൽ നിന്നും മാവിളക്ക് എഴുന്നള്ളിപ്പ്, വൈകുന്നേരം നാലിന് കുംഭം താഴ്ത്തൽ എന്നിവയുണ്ടാകും.

വാഹനങ്ങൾ കൂട്ടിയിടിച്ചു: അപകടത്തിൽ സ്ത്രീയ്ക്ക് പരുക്കേറ്റു

ആലത്തൂർ: മംഗലം–ഗോവിന്ദാപുരം പാതയിൽ വാഹനങ്ങൾ കൂട്ടിയിടിച്ചു. അപകടത്തിൽ ഒരു സ്ത്രീയ്ക്ക് നിസാര പരുക്കേറ്റു. രണ്ടു സ്വകാര്യ ബസ്സും, ഒരു മിനി ലോറിയുമാണ് ഒന്നിനു പുറകെ ഒന്നായി കൂട്ടിയിടിച്ചത്. ഗോമതിയ്ക്ക് സമീപം തിങ്കളാഴ്ച കാലത്ത് 10.30 നാണ് അപകടം.

ആലത്തൂരിൽ നിന്ന് നെന്മാറയിലേക്കുള്ള സ്വകാര്യ ബസ്സ് ഗോമതി കുരിശുപള്ളി സ്റ്റോപ്പിൽ ആളെ കയറ്റുന്നതിനായി പെട്ടെന്ന് നിർത്തി. ഇതിനു പുറകിൽ വരികയായിരുന്ന മിനി ലോറിയും പെട്ടെന്ന് നിർത്തിയിട്ടു. ഈ സമയം തൃശൂരിൽ നിന്ന് ഗോവിന്ദാപുരത്തേക്ക് വരുകയായിരുന്ന സ്വകാര്യ ബസ്സ് നിർത്തിയിട്ട വാഹനത്തെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ മിനി ലോറിയിൽ ഇടിക്കുകയായിരുന്നു.

ഇടിയുടെ ആഘാതത്തിൽ മിനി ലോറി നിരങ്ങി മുന്നിലെ ബസ്സിലും ഇടിച്ചാണ് അപകടമുണ്ടായത്. അപകടത്തിൽ ബസ്സിന്റെ മുൻവശത്തെ ചില്ല് പൂർണ്ണമായും തകർന്നു.

മംഗലം–ഗോവിന്ദാപുരം പാതയിൽ വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ തകർന്ന ബസ്

ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷിക്കാം

പാലക്കാട്: സമഗ്ര ശിക്ഷാ കേരളയുടെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, ജില്ലാപ്രൊജക്ട് കോഡിനേറ്റർ, ജില്ലാ പ്രോഗ്രാം ഓഫീസർ, ബ്ലോക്ക് പ്രൊജക്ട് കോഡിനേറ്റർ, ട്രെയിനർ (ബ്ലോക്ക്തലം) തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷിക്കാം.

യോഗ്യതയുടെ വിശദാംശം, അപേക്ഷാ മാതൃക എന്നിവ സമഗ്ര ശിക്ഷാ കേരളയുടെ ം.ം.മൈസല്യമഹമ.ശി സൈറ്റിൽ ലഭിക്കും. നിലവിൽ സമഗ്ര ശിക്ഷാ കേരളയിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർ പ്രൊജക്ടിൽ തുടരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പുതുതായി അപേക്ഷ സമർപ്പിക്കണം. അപേക്ഷിക്കുന്ന അധ്യാപകർക്ക് (ഗവൺമെന്റ് ആൻഡ് എയ്ഡഡ്) സർവീസിൽ നിന്ന് വിരമിക്കാൻ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ഉണ്ടായിരിക്കണം. യോഗ്യരായവരുടെ അപേക്ഷകൾ മെയ് 31ന് വൈകുന്നേരം അഞ്ചിന് മുൻപ് സമഗ്രശിക്ഷാ കേരള സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കണം.

ബ്ലോക്ക് പ്രൊജക്ട് കോഡിനേറ്റർ ട്രെയിനർ തസ്തികയിലേക്കുള്ള അപേക്ഷകൾ നിയമനം ആഗ്രഹിക്കുന്ന ജില്ലാ പ്രൊജക്ട് ഓഫീസുകളിലേക്ക് മെയ്31 ന് മുമ്പ് ലഭിച്ചിരിക്കണം. ബ്ലോക്ക് പ്രൊജക്ട് കോ–ഓർഡിനേറ്റർ/ ട്രെയിനർ തസ്തികയിൽ ഒന്നിലധികം ജില്ലകളിലേയ്ക്ക് അപേക്ഷകൾ അയക്കുന്ന അധ്യാപകർ ബന്ധപ്പെട്ട ജില്ലാ പ്രൊജക്ട് ഓഫീസുകളിലേക്ക് പ്രത്യേകമായി അപേക്ഷ സമർപ്പിക്കണം.

കെ എസ് ആർ പാർട്ട് 1 ലെ ചട്ടം 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റും മാതൃവകുപ്പിന്റെ (സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രൊജക്ട് കോ–ഓർഡിനേറ്റർ, ജില്ലാ പ്രോഗ്രാം ഓഫീസർ, എന്നീ തസ്തികകൾക്ക് വിദ്യാഭ്യാസ ഡയറക്ടറുടെയും ബ്ലോക്ക് പ്രൊജക്ട് കോ–ഓർഡിനേറ്റർ, ട്രെയിനർ (ബ്ലോക്ക്തലം) തസ്തികകൾക്ക് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെയും–എയ്ഡഡ് സ്കൂളാണെങ്കിൽ മാനേജരുടെയും) നിരാക്ഷേപ പത്രവും സഹിതം അപേക്ഷ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള (എസ് എസ് കെ) എസ് എസ് എ ഭവൻ, നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം–695 033 എന്ന വിലാസത്തിലും ബ്ലോക്ക് പ്രൊജക്ട് കോ–ഓർഡിനേറ്റർ/ട്രെയ്നർ തസ്തികയിലേക്കുള്ള അപേക്ഷകൾ മെയ് 31ന് മുൻപായി അതാത് ജില്ലാ പ്രൊജക്ട് ഓഫീസിലും ലഭിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ സമഗ്ര ശിക്ഷാ കേരളയുടെ ം.ം.മൈസല്യമഹമ.ശിൽ ലഭിക്കും.

സർവീസ് ഓഫീസർ ഒഴിവ്: വിരമിച്ചവരെ നിയമിക്കും

പാലക്കാട്: കേരള സംസ്ഥാന ഐടി മിഷന്റെ കീഴിലുള്ള ജില്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ സർക്കാർ സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരെ താത്ക്കാലിക അടിസ്ഥാനത്തിൽ സർവ്വീസ് ഓഫീസർമാരായി നിയമിക്കുന്നു. 2018 ഡിസംബർ രണ്ടിലെ വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർക്കാണ് അവസരം. കൂടിക്കാഴ്ച മെയ് 28ന് രാവിലെ 11ന് കലക്ട്രേറ്റിൽ നടക്കും.

അപേക്ഷകർ വയസ്സ് തെളിയിക്കുന്ന രേഖ, ഗവ. സർവ്വീസിൽ നിന്നും വിരമിച്ചതുമായി ബന്ധപ്പെട്ട രേഖ (പെൻഷൻ പേയ്മെന്റ് ഓർഡർ), ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിലുള്ള പ്രവൃത്തിപരിചയം ഉണ്ടെങ്കിൽ അത് തെളിയിക്കുന്ന രേഖ, കമ്പ്യൂട്ടർ പരിജ്ഞാനം തെളിയിക്കുന്ന രേഖ (അഭിലഷണീയം) എന്നിവയുടെ അസ്സലും പകർപ്പുമായി കൂടിക്കാഴ്ചയ്ക്ക് എത്തണമെന്ന് ജില്ലാ പ്രൊജക്ട് മാനേജർ അറിയിച്ചു. ഫോൺ: 9495636111.

ഗസ്റ്റ് അധ്യാപക നിയമനം

പാലക്കാട്: കുമരപുരം ഗവ. ഹയർസെക്കന്ററി സ്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു. ഇക്കണോമിക്സ്, ജൂനിയർ കെമിസ്ട്രി, ജൂനിയർ മാത്തമാറ്റിക്സ് വിഷയങ്ങളിലാണ് ഒഴിവ്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി മെയ് 28ന് രാവിലെ 11ന് നടത്തുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ–0491 2576311.

നിങ്ങളറിയാൻ

വാസ്തുവിദ്യാ ഗുരുകുലത്തിൽ കോഴ്സുകൾ

പാലക്കാട്: പത്തനംതിട്ടയിലുള്ള ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിൽ ജൂണിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കോഴ്സിലേക്ക് സിവിൽ എൻജിനീയർ, ആർക്കിടെക്ചർ വിഷയങ്ങളിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. സർട്ടിഫിക്കറ്റ് ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കോഴ്സിലേക്ക് എസ് എസ് എൽ സി യോഗ്യതയുള്ളവരെ പരിഗണിക്കും. പ്രായപരിധി 35 വയസ്. പാരമ്പര്യ വാസ്തു ശാസ്ത്രത്തിൽ ഒരു വർഷത്തെ ഡിപ്ലോമ കറസ്പോണ്ടൻസ് കോഴ്സിലേക്ക് ബിരുദമോ ത്രിവൽസര പോളിടെക്നിക് ഡിപ്ലോമയോ ഉള്ളവർക്ക് അപേക്ഷിക്കാം.

ചുമർചിത്രകലയിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് എസ് എസ് എൽ സി യോഗ്യതയുള്ളവർക്കും വനിതകൾക്കുള്ള മ്യൂറൽ പെയിന്റിംഗ് പരിശീലന പരിപാടിയിലേക്ക് ഏഴാം ക്ലാസ് യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല കോഴ്സിലേക്ക് ഐ ടി ഐ സിവിൽ ഡ്രാഫ്റ്റ്സ്മാൻ, കെ ജി സി ഇ സിവിൽ എഞ്ചിനീയറിംഗ്, ഐ ടി ഐ ആർക്കിടെക്ചറൽ അസിസ്റ്റൻഷിപ്പ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ം.ം.മവേറ്ശറ്യമഴ്യൗസൗഹമാ.ീാ ൽ അപേക്ഷഫോറവും വിശദവിവരങ്ങളും ലഭ്യമാണ്. താൽപര്യമുള്ളവർ എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തു വിദ്യാ ഗുരുകുലം, ആറന്മുള, പത്തനംതിട്ട –689533 എന്ന വിലാസത്തിൽ മെയ് 31നകം അപേക്ഷ സമർപ്പിക്കണം. ഫോൺ–0468 2319740, 9847053293.

പോളിടെക്നിക് കോളജ് പ്രവേശനം

പാലക്കാട്: പാലക്കാട് ഗവ.പോളിടെക്നിക് കോളേജിൽ 2019–20 വർഷത്തെ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷയുടെ പ്രിന്റൗട്ട് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം ഏറ്റവും അടുത്തുള്ള ഗവൺമെന്റ്/എയ്ഡഡ് പോളിടെക്നിക് കോളേജിൽ സമർപ്പിച്ച് രജിസ്റ്റർ ചെയ്യണം. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് 75 രൂപയും മറ്റുള്ളവർക്ക് 150 രൂപയുമാണ് അപേക്ഷ ഫീസ്. ജാതി, വരുമാനം, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ (എസ്.സി/എസ്.ടി വിഭാഗക്കാർ തഹസിൽദാറിൽ നിന്ന് വാങ്ങിയ ജാതി സർട്ടിഫിക്കറ്റ്), വരുമാനം എട്ട് ലക്ഷത്തിന് മുകളിൽ വരുന്ന പിന്നോക്ക വിഭാഗക്കാർ വില്ലേജിൽ നിന്നും ലഭിക്കുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. വടക്കഞ്ചേരി, ചെർപ്പുളശ്ശേരി, അട്ടപ്പാടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ 22500 രൂപയും ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ 5000 രൂപയുമാണ് വാർഷിക ഫീസ്. ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ സഹായത്തിനായി ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പാലക്കാട് ഗവ.പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ അറിയിച്ചു.

ഐ ടി ഐയിൽ ഹ്രസ്വകാല കോഴ്സുകൾ

പാലക്കാട്: മലമ്പുഴ വനിതാ ഐ ടി ഐയുടെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി നടത്തുന്ന ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷിക്കാം. ഒരു മാസം ദൈർഘ്യമുള്ള ടാലി ഇ ആർ പി 9 വിത്ത് ജി എസ് ടി കോഴ്സിലേക്ക് എസ് എസ് എൽ സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. എട്ടാം ക്ലാസ് യോഗ്യതയുള്ളവർക്ക് മൂന്ന് മാസത്തെ ബ്യൂട്ടീഷൻ ആന്റ് കോസ്മെറ്റിക് കെയർ, സ്റ്റിച്ചിങ് ആന്റ് എംബ്രോയിഡറി കോഴ്സ്, ഒരു മാസത്തെ എം എസ് ഓഫീസ് ആന്റ് ഇന്റർനെറ്റ് കോഴ്സ് എന്നിവയ്ക്കായി അപേക്ഷിക്കാം. താൽപര്യമുള്ളവർ മെയ് 30 ന് വൈകുന്നേരം നാലിനകം അപേക്ഷ നൽകണം. ഫോൺ –0491 2815181.

ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

പാലക്കാട്: ഐ എച്ച് ആർ ഡിയുടെ കീഴിലെ കുഴൽമന്ദം കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ 50 ശതമാനം കോളജ് ക്വാട്ടയിലുള്ള ബിരുദ കോഴ്സിന്റെ സീറ്റുകളിലേക്ക് അപേക്ഷിക്കാം. കംപ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, കൊമേഴ്സ് വിത്ത് കംപ്യൂട്ടർ അപ്ലിക്കേഷൻ എന്നീ കോഴ്സുകളിലേക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി കാപ് രജിസ്ട്രേഷൻ നടത്തിയവർക്കാണ് അപേക്ഷിക്കാൻ അവസരം. അവസാന തീയതി ജൂൺ എട്ട്. ജനറൽ വിഭാഗത്തിന് 350 രൂപയും എസ് സി, എസ് ടി വിഭാഗത്തിന് 150 രൂപയുമാണ് ഫീസ്. അപേക്ഷാ ഫോമും പ്രോസ്പെക്ടസും കോളേജിൽ നിന്ന് നേരിട്ടും ം.ം.ശവ്യറ.മര.ശി ലും ലഭിക്കും. ഫോൺ– 0492 2285577.

പുസ്തകോത്സവം ആരംഭിച്ചു

പാലക്കാട്: ജില്ലാ ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് വിക്ടോറിയ കോളജിന് സമീപത്തെ ഇൻഡോർ സ്റ്റേഡിയത്തിൽ പുസ്തകോത്സവം ആരംഭിച്ചു. നാളെ സമാപിക്കും.

രാവിലെ പത്തിന് സാഹിത്യകാരൻ ടി ഡി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ലൈബ്രറി കൗൺസിൽ ജില്ലാ പ്രസിഡന്റ് ടി കെ നാരായണദാസ് അധ്യക്ഷനാകും. ഇതോടനുബന്ധിച്ച് ഇന്ന് യു പി, ഹൈസ്കൂൾ വിദ്യാർത്തികൾക്കു വേണ്ടി കവിതാലാപന മത്സരം നടത്തും. സാഹിത്യകാരൻ മുണ്ടൂർ സേതുമാധവൻ ഉദ്ഘാടനം ചെയ്യും. നാളെ വൈകുന്നേരം നാലിന് സംസ്ഥാന ല